പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1729 — 15.2.2016 ൽ മറുപടിയ്ക്ക്

**ഭിന്നശേഷിക്കാർക്ക വേണ്ടിയുള്ള പദ്ധതികൾ**

ചോദ്യം — മറുപടി

ശ്രീ.കെ.ശിവദാസൻ നായർ
ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)

| | |
|---|---|
| (എ) ഭിന്നശേഷിക്കാർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ് ; വിശദമാക്കുമോ; | (എ) 1995 ലെ ദേശീയ വികലാംഗ നിയമമനുസരിച്ച് ഒരു മെഡിക്കൽ അതോറിറ്റി അംഗീകരിച്ചിട്ടുള്ള 40% ൽ കുറവല്ലാത്ത Blindness, Low vision, Leprosy cured, Hearing impairment, Locomotor disability, Mental retardation, Mental illness എന്നീ അംഗവൈകല്യമുള്ളവരെ വികലാംഗർ (Persons with disability) എന്നാണ് നിർവ്വചിച്ചിരിക്കുന്നത്. വികലാംഗർ എന്നതിനു പകരമായി ഭിന്നശേഷിക്കാർ (Differently abled) എന്ന പദം പൊതുവെ ഉപയോഗിച്ചു വരുന്നു. |
| (ബി) ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ; | (ബി) ഭിന്നശേഷിക്കാർക്കായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>1. അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി<br>2. അന്ധരായ അഭിഭാഷകർക്ക് റീഡേഴ്സ് അലവൻസ്, നിയമപുസ്തകം, സ്യൂട്ട് എന്നിവ വാങ്ങുന്നതിന് ഒറ്റത്തവണ എക്സ്ഗ്രേഷ്യ അനുവദിക്കുന്ന പദ്ധതി<br>3. കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിചരിക്കുന്നതിന് പരമാവധി രണ്ട് വർഷത്തേയ്ക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതി<br>4. മാനസിക വെല്ലുവിളി നേരിടുന്നവരെ സ്വഭവനത്തിൽ തന്നെ സംരക്ഷിച്ച് പരിപാലിക്കുന്നതിനായി ടിയാളുടെ സംരക്ഷകന് പ്രതിമാസം 750/- രൂപ ധനസഹായം നൽകുന്ന പദ്ധതി.<br>5. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വികലാംഗരായ രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുന്നതിനുള്ള വികലാംഗ ദുരിതാശ്വാസ നിധി ധനസഹായ പദ്ധതി. |

6. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വികലാംഗരായ അച്ഛനമ്മമാരുടെ പെൺമക്കൾക്കും വികലാംഗരായ പെൺകുട്ടികൾക്കും വിവാഹ ധനസഹായമായി 10,000/- രൂപ നൽകുന്ന പദ്ധതി

7. ആശ്വാസ കിരണം- ഒരു മുഴുവൻ സമയ പരിചാരകന്റെ ആവശ്യമുള്ള വിധം കിടപ്പിലായ രോഗികളെയും ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെയും ഗുരുതര മാനസിക രോഗമുള്ളവരെയും പരിചരിക്കുന്നവർക്ക് നിബന്ധനകൾക്ക് വിധേയമായി പ്രതിമാസം 525/- രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി

8. ശ്രുതിതരംഗം (കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി)- 5 വയസ്സുവരെ പ്രായമുള്ള ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ പൂർണ്ണമായും കേൾവി ശക്തി ലഭിക്കുമെന്ന് ബന്ധപ്പെട്ട ഡോക്ടർ സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ ഇത്തരം കുഞ്ഞുങ്ങൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവിയും രണ്ടുവർഷക്കാലം നീണ്ടു നിൽക്കുന്ന തുടർച്ചയായ ആഡിയോ വെർബൽ ഹബിലിറ്റേഷനിലൂടെ സംസാര ശേഷിയും ലഭ്യമാക്കുന്ന പദ്ധതി. ഒരു കുട്ടിയ്ക്ക് അഞ്ചര ലക്ഷത്തോളം രൂപ ചെലവു വരുന്ന ഈ ചികിത്സ പൂർണ്ണമായും സൌജന്യമാണ്. പ്രതിവർഷം രണ്ട് ലക്ഷം രൂപവരെ കുടുംബ വരുമാനമുള്ളവരുടെ കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാണ്.

9. സംസ്ഥാനത്തെ വൈകല്യം ബാധിച്ച മുഴുവൻ പേരെയും കണ്ടെത്തി കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാന രേഖയായ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതി.

10. സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് - വികലാംഗ മേഖലയിലെ പ്രതിരോധ പ്രവർത്തനങ്ങൾ, വൈകല്യം നേരത്തെ കണ്ടെത്തൽ, നേരത്തെയുള്ള ഇടപെടലുകൾ, അവരുടെ വിദ്യാഭ്യാസം, തൊഴിൽ എന്നിവ ലക്ഷ്യമിട്ട് ആരംഭിച്ച പദ്ധതി. ഈ പദ്ധതിയിൻ കീഴിൽ താഴെ പറയുന്ന പ്രവർത്തനങ്ങളും നടത്തിവരുന്നു.

(i) എം.എം.ആർ.പ്രതിരോധ കുത്തിവയ്പ്പ്- മംപ്സ് മീസിൽസ്, റൂബെല്ലാ എന്നീ വൈറസുകൾ ബാധിക്കുന്നതു മൂലം കുട്ടികൾക്കുണ്ടാ യേക്കാവുന്ന വൈകല്യങ്ങൾ ഒഴിവാക്കു ന്നതിനായി സർക്കാർ ആശുപത്രികളിലൂടെ നൽകി വരുന്ന എം.എം.ആർ പ്രതിരോധ കുത്തിവയ്പ്പിനാവശ്യമായ വാക്സിൻ ലഭ്യമാക്കുന്നു.

(ii) റൂബെല്ലാ വാക്സിനേഷൻ- ഗർഭിണികളിൽ റൂബെല്ലാ വൈറസ് ബാധിക്കുകയാണെങ്കിൽ അവർക്ക് ജനിക്കുന്ന കുട്ടികൾക്ക് വൈകല്യങ്ങൾ ഉണ്ടാകുവാനുള്ള സാധ്യത തടയുന്നതിനായി സംസ്ഥാനത്തെ എയിഡഡ്/ സർക്കാർ സ്കൂളുകളിൽ 9 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ആരോഗ്യ വകുപ്പ് നടത്തുന്ന റൂബെല്ലാ വാക്സിനേഷന് ആവശ്യമായ വാക്സിൻ ലഭ്യമാക്കുന്നു.

(iii) ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം- കുട്ടികളിലെ വളർച്ചാ വൈകല്യവും അനുബന്ധ പ്രശ്നങ്ങളും നേരത്തെ തന്നെ കണ്ടെത്തുന്നതിനും ആവശ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി എല്ലാ ജില്ലകളിലും ഓരോ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം ആരംഭിക്കുന്നതിനുള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(iv) നവജാത ശിശുക്കളുടെ കേൾവി പരിശോധന- കേൾവി സംബന്ധമായ വൈകല്യം നേരത്തെ കണ്ടെത്തുന്നതിനായി ഓട്ടോ അകൗസ്റ്റിക് എമിഷൻ സ്ക്രീനേഴ്സ് എന്ന ഉപകരണം കേരളത്തിലെ 40 സർക്കാർ ആശുപത്രികളിൽ നൽകിയിട്ടുണ്ട്. ഈ ഉപകരണം ഉപയോഗിച്ച് കേൾവി പരിശോധന നടത്തുന്നതിനായി 40 ആശുപത്രികളിൽ ഓരോ ജെ.പി.എച്ച്.എൻ -ന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

(v) മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്- വിദൂര പ്രദേശങ്ങളിൽ താമസിക്കുന്ന വളർച്ചാ വൈകല്യമുള്ള കുട്ടികൾക്ക് ആവശ്യമായ സേവനങ്ങൾ അവരവരുടെ പ്രദേശങ്ങളിൽ ലഭ്യമാക്കുന്നതിനായി മൊബൈൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പൈലറ്റ് പദ്ധതി കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നടപ്പിലാക്കുവാൻ ഇംഹാൻസിന്റെ സഹകരണ ത്തോടെ ആരംഭിച്ചിട്ടുണ്ട്.

(vi) ഓട്ടിസം- ഓട്ടിസം നേരത്തെ കണ്ടെത്തുന്നതിനും ഓട്ടിസം ബാധിതരായ കുട്ടികൾക്ക് ആവശ്യമായ ചികിത്സാ സൌകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

<u>വികലാംഗക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ പദ്ധതികൾ</u>

11. അംഗവൈകല്യമുള്ളവർക്കു വേണ്ട ട്രൈസൈക്കിൾ, വീൽ ചെയർ കൃത്രിമക്കാലുകൾ, വാക്കർ, ക്രച്ചസ്, കണ്ണട, ശ്രവണ സഹായി തുടങ്ങിയവയുടെ സൌജന്യ വിതരണം
12. അംഗവൈകല്യമുള്ളവർക്കു വേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ ലാപ് ടോപ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം
13. അംഗവൈകല്യമുള്ളവർക്കുള്ള പുതിയ സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി
14. നാഷണൽ ഹാൻഡിക്യാപ്ഡ് ഫിനാൻസ് ആൻറ് ഡവലപ്മെന്റ് കോർപ്പറേഷൻ വഴിയുള്ള സ്വയം തൊഴിൽ വായ്പയും അതിനുള്ള വികലാംഗക്ഷേമ കോർപ്പറേഷന്റെ വിഹിതവും
15. സ്വയം തൊഴിലിന് ബാങ്ക് ലോൺ സബ്സിഡി
16. ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികൾക്ക് സ്ഥിര നിക്ഷേപ പദ്ധതി.
17. ജില്ലയിൽ ഉയർന്ന മാർക്കു നേടുന്ന അംഗവൈകല്യമുള്ള വിദ്യാർത്ഥികൾക്കുള്ള പ്രൊഫിഷ്യൻസി അവാർഡ്
18. വികലാംഗരായ വയോജനങ്ങൾക്കു വേണ്ടിയുള്ള വൃദ്ധസദനം -പരിപാലനം
19. സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക
20. സ്റ്റേറ്റ് റിസോഴ്സ് സെന്റർ
21. ബി.പി.എൽ വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി വായ്പാ പദ്ധതി.

→

| | |
|---|---|
| | 22.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വികലാംഗ പുനരധിവാസ പദ്ധതി-<br>23.വികലാംഗ സൌഹൃദ സാങ്കേതിക പ്രദർശനവും പരിശീലന കേന്ദ്രവും |
| (സി) ഇതിനായി കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാകുന്നുണ്ടോ; | (സി) കേന്ദ്രസർക്കാർ സഹായത്തോടെ ഉപകരണ വിതരണത്തിനായി എ.ഡി.ഐ.പി പദ്ധതിയും സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി നാഷണൽ ഹാൻഡിക്യാപ്ഡ് ഫിനാൻസ് ആൻറ് ഡവലപ്മെന്റ് കോർപ്പറേഷൻവായ്പ്പാ പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (ഡി) ഇവർക്ക് നിലവിൽ ജോലി സംവരണം എത്ര ശതമാനമാണുള്ളത്? | (ഡി) ഇവർക്ക് പി.എസ്.സി വഴിയുള്ള നിയമനത്തിന് 3% സംവരണമാണ് നിലവിലുള്ളത് |

സെക്ഷൻ ഓഫീസർ